വന സംരക്ഷണ, കുറ്റകൃത്യ നിയന്ത്രണ പരിപാടി

8 (*8) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ശിക്ഷ വർദ്ധിപ്പിക്കാൻ ആലോചിക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കുമോ ;

(സി) വനത്തെയും വനസംരക്ഷണത്തെയും കുറിച്ച് പ്രായോഗിക പരിജ്ഞാനമുള്ള ആദിവാസികളെ വനസംരക്ഷണ, കുറ്റകൃത്യ നിയന്ത്രണ പരിപാടികളിൽ പങ്കെടുപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ നിലവിലുള്ള വന നിയമം പ്രകാരം പര്യാപ്തമാണ്. അതിനാൽ വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വർദ്ധനവ് ഇപ്പോൾ പരിഗണനയിലില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) വനത്തേയും വനസംരക്ഷണത്തേയും കുറിച്ച് പ്രായോഗിക പരിജ്ഞാനമുള്ള ആദിവാസികളെ വനസംരക്ഷണ കുറ്റകൃത്യ നിയന്ത്രണ പരിപാടികളിൽ പരമാവധി പങ്കെടുപ്പിക്കുന്നുണ്ട്. വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, വന മേഖലാ ജാഗ്രതാ സമിതികൾ എന്നിവയിൽ ആദിവാസികളുടെ പങ്കാളിത്തം വലിയ തോതിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly